പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാനുള്ള ഗ്യാരന്റി കമ്മീഷൻ

163(2152) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിനു കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ സർക്കാരിന് എത്ര തുക ലഭിക്കാനുണ്ടെന്ന് വിശദമാക്കാമോ ;

(ബി) കൃത്യമായി ഗ്യാരന്റി കമ്മീഷൻ അടയ്ക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് ഗ്യാരണ്ടി കമ്മീഷൻ ഇനത്തിൽ 706.44 ലക്ഷം രൂപ സർക്കാരിന് ലഭിക്കാനുണ്ട്.

(ബി) 31-03-2015-ലെ കണക്ക് പ്രകാരം ഗ്യാരന്റി കമ്മീഷൻ അടച്ചുതീർത്ത പൊതുമേഖലാസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ് :

1. മലബാർ സിമന്റ്സ് ലിമിറ്റഡ് (MCL)

2. മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ (MCSM)

3. കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡ് (HDCK)

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വ്യവസായ വികസനം

164(2153) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വ്യവസായ വികസനത്തിനായി ഏതെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) വിദേശ മലയാളികളുടെ സഹകരണത്താൽ വ്യവസായ വികസനത്തിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) 2006-2011 കാലത്തും 2011-2015 കാലത്തും നഷ്ടത്തിലും ലാഭത്തിലും പ്രവർത്തിച്ച വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ വൻകിട/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ നഷ്ടത്തിലാവാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ ;

(ഇ) നഷ്ടത്തിലായിട്ടുള്ള വ്യവസായ സ്ഥാപനങ്ങളെ ലാഭകരമാക്കാനുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വ്യവസായ വികസനത്തിനായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ 18 വ്യവസായ വികസന സെമിനാറുകളും 4 നിക്ഷേപക സംഗമങ്ങളും 2 ഇ.ഡി.പി. പരിശീലന പരിപാടികളും നടത്തി. ഇവയിലൂടെ പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനും കഴിഞ്ഞിട്ടുണ്ട്. 21 സംരംഭകർക്ക് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും സ്വയം തൊഴിൽ വായ്പയും അനുവദിച്ചിട്ടുണ്ട്.

(ബി) വിദേശമലയാളികളുടെ സഹകരണത്താൽ വ്യവസായ വികസനത്തിനായി കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. പ്രവാസി സംഘടനകളുമായി ബന്ധപ്പെട്ട് വ്യവസായ നിക്ഷേപം നടത്തുവാൻ താത്പര്യമുള്ളവർക്കായി ജില്ലാ തലത്തിൽ സെമിനാർ നടത്തുകയുണ്ടായി.

(സി) 2006-2011 കാലത്തും 2011-2015 കാലത്തും നഷ്ടത്തിലും ലാഭത്തിലും പ്രവർത്തിച്ച പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.*

(ഡി) സംസ്ഥാനത്തെ വൻകിട/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.*

(ഇ) പൊതുമേഖലയിലെ വ്യവസായ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനുള്ള പ്രധാന നിർദ്ദേശങ്ങൾ അനുബന്ധം മൂന്നായി ചേർത്തിരിക്കുന്നു.*

ഗെയിലിന്റെ പൈപ്പ് ലൈൻ പദ്ധതി

165(2154) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗെയിലിന്റെ പൈപ്പ് ലൈൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly